LIBRARY ARCHIVES Kerala Legislative Assembly

## മഞ്ചേരി, തിരൂർ, പെരിന്തൽമണ്ണ ട്രാഫിക് പോലീസ് യൂണിറ്റ് പോലീസ് സ്റ്റേഷനോടൊപ്പം അറ്റാച്ച് ചെയ്ത് പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

24 [5854] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി, തിരൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ ട്രാഫിക് പോലീസ് യൂണിറ്റ് പോലീസ് സ്റ്റേഷനോടൊപ്പം അറ്റാച്ച് ചെയ്ത് പ്രവർത്തിപ്പിക്കണമെന്ന മദ്ധ്യമേഖലാ ഡി.ഐ.ജി.-യുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രാഫിക് യൂണിറ്റ് പ്രത്യേകമായി പ്രവർത്തിപ്പിക്കണമെന്ന 1988-ലെ ജി. ഒ. (എംഎസ്) 5389 (ഹോം) 27-4-1988 ഉത്തരവ് റദ്ദാക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ;

(സി) മഞ്ചേരിയിലും മറ്റു പട്ടണങ്ങളിലും 2003 ജൂലായ് 1-ന് മുമ്പ് നിലവിലുണ്ടായിരുന്നതുപോലെ ട്രാഫിക് പ്രത്യേകം പ്രവർത്തിപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) തൃശ്ശൂർ റേഞ്ചിലെ വിവിധ പട്ടണങ്ങളിൽ ട്രാഫിക് സംവിധാനം സുഗമമായും കുറ്റമറ്റതായും പ്രവർത്തിക്കുന്നതിന് പ്രത്യേക ട്രാഫിക് യൂണിറ്റുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ മലപ്പുറം, മഞ്ചേരി, തിരൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ ട്രാഫിക് യൂണിറ്റുകൾക്ക് രൂപം കൊടുത്തുകൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ യൂണിറ്റുകൾ അതാത് പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ചാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകൾ രജിസ്റ്റർ ചെയ്യേണ്ടത് അതാത് പോലീസ് സ്റ്റേഷനുകളിലാണ്. ഈ യൂണിറ്റുകൾ ട്രാഫിക് പോലീസ് സ്റ്റേഷനുകളായി ഉയർത്തപ്പെടുമ്പോൾ മാത്രമേ അതാത് പോലീസ് സ്റ്റേഷനുകളിൽ നിന്ന് വിട്ടു പ്രവർത്തിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) നിലവിലുള്ള ഗവൺമെന്റ് ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല.

(സി) മഞ്ചേരിയിലും മറ്റു പട്ടണങ്ങളിലും ട്രാഫിക് സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല. ട്രാഫിക് സംവിധാനം സുഗമമായി നടത്തുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്.